(4) ബ്ലഡ് പേഷ്യൻസ് പ്രൊട്ടക്ഷൻ കൗൺസിൽ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. പി. വിശ്വൻ : സർ, ഇന്നു സെക്രട്ടേറിയറ്റ് നടയിൽ ബ്ലഡ് പേഷ്യൻസ് പ്രൊട്ടക്ഷൻ കൗൺസിൽ, ഒരു രക്താർബുദ വാർഡ് അനുവദിക്കണമെന്നു പറഞ്ഞുകൊണ്ട് സമരം നടത്തുകയാണ്. ലൂക്കീമിയ, താലസ്സീമിയ, ഹീമോഫീലിയ, അരിവാൾകോശരോഗം തുടങ്ങിയ മാരകമായ രക്തവൈകല്യ രോഗങ്ങളാൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മലബാറിലെ ആയിരക്കണക്കിനു രോഗികളുടെ വിദഗ്ദ്ധ ചികിത്സയ്ക്കായി ഒരു രക്തരോഗ ചികിത്സാ യൂണിറ്റും രക്താർബ്ബുദ വാർഡും കോഴിക്കോട് മെഡിക്കൽ കോളേജിൽ അനുവദിക്കണമെന്ന് ദശകങ്ങളായി രോഗികളും രക്ഷിതാക്കളും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. രക്തരോഗ ചികിത്സാ രംഗത്തുള്ള വിവിധ ഡോക്ടർമാരും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നില്ല. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് വേണ്ടതു ചെയ്യണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, മലബാറിലെ രക്താർബുദ രോഗികളുടെയും ജനിതക രക്തരോഗികളുടെയും രക്ഷിതാക്കളുടെ സംഘടനയായ 'ബ്ലഡ് പേഷ്യൻസ് പ്രൊട്ടക്ഷൻ കൗൺസിൽ' പ്രധാനമായും 10. ആവശ്യങ്ങളുൾക്കൊള്ളുന്ന നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിലെ ആവശ്യത്തിന്മേൽ തീരുമാനമെടുക്കുന്നതിനിടയിൽ ഇതു സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്യപ്പെട്ടു. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കനുസൃതമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ലൂക്കീമിയാ വാർഡിന്റെ പണി പൂർത്തിയാക്കി. കൂടാതെ, പീഡിയാട്രിക് ഡിപ്പാർട്ടുമെന്റിലെ ഓരോ യൂണിറ്റിലും നാല് ലുക്കീമിയാ റൂമുകൾ എയർക്കണ്ടീഷൻ ചെയ്യുകയും തറ ഓടുപാകി 10 കിടക്കകളോടുകൂടിയ ഇന്റൻസീവ് കെയർ വാർഡ് നിർമ്മിക്കുകയും ഐ.സി. റൂം എയർക്കണ്ടീഷൻ ചെയ്യുകയുമുണ്ടായി. കൗൺസിലിന്റെ അവശേഷിക്കുന്ന ആവശ്യങ്ങൾ പരിശോധിച്ചു വരുന്നു.

(5) കുന്നത്തൂർ താലൂക്കിൽ അനുഭവപ്പെടുന്ന ഭൂചലനം

ശ്രീ. ടി. നാണു മാസ്റ്റർ : സർ, കുന്നത്തൂർ താലൂക്കിലെ രണ്ട്, മൂന്ന് പഞ്ചായത്തുകളിൽ കഴിഞ്ഞ ഒന്നര മാസം മുൻപ് ഭൂചലനമനുഭവപ്പെട്ട് ധാരാളം നാശനഷ്ടങ്ങളുണ്ടായി. കഴിഞ്ഞയാഴ്ചയിലും അത് തുടരുകയാണ്. കുന്നത്തൂർ, ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പലവ, മൈനാകപ്പള്ളി, പോരുവഴി തുടങ്ങി മിക്കവാറും എല്ലാ പഞ്ചായത്തുകളിലും നാല്പതും അൻപതും അറുപതും വീടുകൾ തകർന്ന നിലയിൽ കാണപ്പെടുകയുണ്ടായി. അധിക മർദ്ദം കയറി കിണറുകളിലെ വെള്ളം തിളച്ചുയരുകയും അഞ്ച് ദിവസത്തിനകം ഇവിടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾക്കെല്ലാം കേടുപാടുകളുണ്ടാകുകയും ചെയ്തിട്ടുണ്ട്. അവിടെയുള്ള ആളുകളെല്ലാം പരിഭ്രാന്തരാണ്. പാവപ്പെട്ട ആളുകളുടെ വീടുകളും നാശ നഷ്ടത്തിന് ഇരയായിട്ടുണ്ട്. ഈ കാര്യങ്ങൾ വില്ലേജാഫീസുകളിൽ രജിസ്റ്റർ ചെയ്യാൻ, വില്ലേജാഫീസുകളിലെ ജോലിത്തിരക്കുകാരണം ഭൂചലനമുണ്ടായ സ്ഥലങ്ങളിൽ പോയി നോക്കാൻ ഉദ്യോഗസ്ഥന്മാർക്ക് സമയവും ലഭ്യമല്ല. അതുകൊണ്ട് അവിടത്തെ ആളുകൾക്ക് അവരെ അവഗണിക്കുന്നു എന്നുള്ള ഒരു ധാരണയും ഉണ്ട്. ഇതെല്ലാം കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആളുകൾക്ക് ആശ്വാസം നൽകുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുന്നതിനും ജനങ്ങളുടെയിടയിൽ വന്നിട്ടുള്ള പരിഭ്രാന്തി അകറ്റുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ വ്യാപകമായി അനുഭവപ്പെടുന്ന ഭൂചലനത്തിന്റെ ഫലമായി 870-ഓളം വീടുകൾക്ക് ചെറിയ തോതിൽ നാശനഷ്ടം സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വീടുകളുടേയും മറ്റും ഭിത്തികൾക്കുണ്ടായിട്ടുള്ള ചെറിയ വിള്ളലുകളാണ് കൂടുതലായി കാണുന്നത്. ഭൂചലനബാധിത പ്രദേശങ്ങൾ റവന്യൂ അധികാരികൾ സന്ദർശിക്കുകയുണ്ടായി. ഗുജറാത്തിലുണ്ടായ ഭൂചലനത്തിന്റെ തുടർചലനങ്ങളാണ് ഇപ്പോൾ അനുഭവപ്പെടുന്നതെന്നും, ഇതിൽ പരിഭ്രാന്തിക്ക് അവകാശമില്ലെന്നും 'സെസ്സ്' അധികൃതർ അറിയിച്ചിട്ടുണ്ട്. ജനങ്ങളുടെ പരിഭ്രാന്തി അകറ്റുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനും വാർത്താ മാധ്യമങ്ങൾ വഴി 'സെസ്സ്' അധികൃതരും മറ്റും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഭൂകമ്പമുണ്ടായാൽ സ്വീകരിക്കേണ്ടതായ കരുതൽ നടപടികളും മറ്റു കാര്യങ്ങളും അടങ്ങുന്ന ഒരു ലഘുലേഖ തയ്യാറാക്കി, അതിന്റെ അഞ്ച് ലക്ഷം പകർപ്പുകൾ ജനങ്ങൾക്കിടയിൽ വിതരണം നടത്താനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(6) മേലുകാവ് സർവ്വീസ് സഹകരണസംഘം ജീവനക്കാരനായ സാജൻ ജോസഫിനെ അപമാനിച്ചത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ് : സർ, മേലുകാവ് സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരനായ സാജൻ പി. ജോസഫ് പട്ടികവിഭാഗത്തിൽപ്പെട്ട ജീവനക്കാരനാണ്. അദ്ദേഹം മുണ്ട് മടക്കികുത്തിയത് അഴിച്ചിട്ടില്ല എന്നതിന്റെ പേരിൽ ബാങ്ക് പ്രസിഡന്റ് ജോർജ് മാത്യുവും വൈസ് പ്രസിഡന്റ് ജോൺ ജോസഫും ചേർന്ന് മുറിയിൽ വിളിച്ചുവരുത്തി രാജി ആവശ്യപ്പെടുകയും ഇല്ലെങ്കിൽ പിരിച്ചുവിടുമെന്ന് ഭീഷണിപ്പെടുത്തുകയും അപമര്യാദയായി പെരുമാറുകയും ചെയ്തതിനാൽ ഹൃദയാഘാതമുണ്ടായി അദ്ദേഹം ഒരു പ്രൈവറ്റ് ആശുപത്രിയിൽ ഐ.സി. യൂണിറ്റിൽ അഡ്മിറ്റായിരിക്കുകയാണ്. ഇത്രയും മോശമായി പെരുമാറിയ ആ ബാങ്ക് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനുമെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly